62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 643

Participant Code: 101

# ആരോഗ്യമുള്ള നാളേക്കായ്

മനുഷ്യജീവിതത്തിലെ ഒരു അവിഭാജ്യഘടകമാണ് ആരോഗ്യം. നമ്മുടെ ആരോഗ്യം കാത്തുസൂക്ഷിക്കേണ്ടത്, നാം ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. നാം നിരവധി രോഗങ്ങൾ മൂലം ഇന്ന ക്ലേശിക്കുകയാണ്. രോഗങ്ങളില്ലാതിരുന്ന ഒരു മാവേലിക്കാലത്തെപ്പറ്റി നാം പുകഴ്ത്തി പാടാറുണ്ടെങ്കിലും, രോഗനിർണയ സംവിധാനങ്ങൾ കൂടുതൽ പര്യാപ്തമായതോടെ കൂടുതൽ രോഗങ്ങളും രംഗപ്രവേശം ചെയ്തു.

നമ്മുടെ പ്രതിരോധശേഷി തകർക്കപ്പെടുമ്പോൾ, നാം രോഗബാധിതരാവുന്നു. നമ്മുടെ പ്രതിരോധശേഷിയെ പുനരുജ്ജീവിപ്പിക്കാൻ നാം ചികിത്സ തേടുന്നു. 'സാമുവൽ ഹാനിമാൻ' മുന്നോട്ടുവച്ച 'ഹോമിയോപ്പതിയും' ഭാരത ഋഷിവര്യന്മാർ നട്ടുവളർത്തിയ ആയുർവേദവും, ദന്തം,

62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 643 Participant Code: 101

'ഹിപ്പോക്രാറ്റസ്' അടിത്തറയിട്ട ആധുനിക വൈദ്യശാസ്ത്രവും നമ്മുടെ കൈയ്ക്ക് എത്തിച്ചേരുന്നു.

നമ്മുടെ കേരളത്തിന്, നിലവിൽ അഭിമാനിക്കാൻ ഏറെയുണ്ട്. നമ്മുടെ ഇന്ത്യയിൽ, ശിശുമരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണ്. നമ്മുടെ സർക്കാർ, എല്ലാ ജില്ലകളിലും കുറഞ്ഞത് ഒരു മെഡിക്കൽ കോളേജ് എന്ന പദ്ധതി നടപ്പാക്കി. നവകേരള കർമ്മപദ്ധതി-2-ന്റെ 'ആർദ്രം' മിഷനിലൂടെ നമ്മുടെ സർക്കാർ ആശുപത്രികളുടെ നിലവാരം ഉയർത്താനും, വളരെ കുറഞ്ഞ ചിലവിൽ രോഗികൾക്ക് മരുന്ന് എത്തിക്കുവാനും ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 'അവയവമാറ്റ ശസ്ത്രക്രിയ' വളരെ വിജയകരമായി പൂർത്തിയാക്കിയ എറണാകുളം ജനറൽ ആശുപത്രി പോലെ ഉള്ളവ നമ്മുടെ അഭിമാനങ്ങളാണ്.

ദക്ഷിണേന്ത്യയിൽ തന്നെ, 'ആന്റിബയോട്ടിക് റെസിസ്റ്റൻസ്' എന്ന ഗുരുതര ആരോഗ്യ പ്രതിസന്ധിക്കെതിരേ, സംഘടന രൂപീകരിച്ച് നടപടികളാരംഭിച്ച ആദ്യ സംസ്ഥാനം . . . നമ്മുടെ കേരളമാണ്! 'നിപ' വൈറസെന്ന ഭീകരനെ വളരെ വിജയകരമായി തളച്ചിട്ട 'കേരള ആരോഗ്യ മാതൃകയെ' ലോകം മുഴുവനും പ്രശംസിച്ചതാണ്. 2018-ൽ ഒരു മിന്നൽ പ്രളയം ആഞ്ഞടിച്ചപ്പോൾ, പ്രളയാനന്തരം പടർന്നു പിടിക്കാവുന്നതായിരുന്ന ജലജന്യ രോഗങ്ങളെ നാം വിദഗ്ധമായി വരുതിയിൽ കൊണ്ടുവന്നു. 2019-ൽ ചൈനയിലെ വുഹാനിൽ നിന്ന് പൊട്ടിപ്പുറപ്പെട്ട്, ലോകം മുഴുവനും ഭീതിയുടെ നിഴൽ പടർത്തിയ കോവിഡ് . . . കേരളത്തിലേക്ക് കടന്നുവന്നപ്പോൾ, ലോക്ഡൗൺ മൂലം നാലു ചുവരുകൾക്കുള്ളിൽ നാം ഒതുങ്ങിയപ്പോൾ, രോഗബാധിതർ ആയപ്പോൾ, സ്വന്തം സുരക്ഷ മറന്ന്, നമുക്ക് എല്ലാ മാനസിക പിന്തുണയും നൽകിയ ആശാ.

വർക്കർമാരുൾപ്പെടുന്ന. ആ കാവൽ സേന-
യെ ആർക്കെങ്കിലും മറക്കാനാവുമോ?
ലോകാരോഗ്യ സംഘടന 1000 രോഗികൾക്ക്
1 ഡോക്ടർ എന്ന അനുപാതം മുന്നോട്ടു
വയ്ക്കുമ്പോൾ, നമുക്ക് 535 രോഗികൾക്ക്
1 ഡോക്ടർ എന്ന അനുപാതസംഖ്യ
നേടിയെടുക്കാൻ കഴിഞ്ഞു!

എന്നിരിക്കിലും, നാം
ഈയടുത്ത് പത്രത്തിൽ വായിച്ച സംഭവം, നമ്മുടെ
കണ്ണുകളെ ഈറനണിയിച്ച വാർത്ത,
'ഡോ. വന്ദനയുടെ' കൊലപാതകം. സമയ
കാലങ്ങൾക്കപ്പുറം, സേവനം, ഒന്നാമതെന്ന
ആപ്തവാക്യമെടുത്ത ഈ പെൺകുട്ടിയുടെ
ജീവൻ പൊലിഞ്ഞപ്പോൾ, തലതാഴ്ത്തിയത്
കേരള സമൂഹം മുഴുവനുമാണ്. ഈ ദു:ഖ-
കരമായ സംഭവത്തിനുശേഷം, ഒരു ദിവസം
500 രോഗികളിൽ കൂടുതലെത്തുന്ന ആശു-
പത്രികളിൽ പോലീസ് സുരക്ഷ തുടങ്ങി
നിരവധി പ്രത്യാശജനകമായ നിർദ്ദേശങ്ങൾ

അടങ്ങിയ നിയമം കേരള സർക്കാർ പാസാക്കിയെങ്കിലും, അവയെല്ലാം പൂർണമായും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല! അതുപോലെ തന്നെ, കേരളത്തിന് വളരെ സമൃദ്ധമായ മാനവവിഭവശേഷി, ഇന്ന് നഴ്സിംഗ് രംഗത്ത്, മലയാളികൾ ലോകം മുഴുവനും വെന്നിക്കൊടി പാറിക്കുകയാണ്. കാനഡ, യു.കെ മുതലായ രാജ്യങ്ങളിൽ, വിദേശനഴ്സുമാരിൽ, മലയാളികൾക്ക് ഒന്നാം സ്ഥാനം നൽകുന്നു. നമ്മുടെ മലയാളി നഴ്സുമാരിൽ 80%-ന് മുകളിലും വിദേശ രാജ്യങ്ങളിലേക്ക് ചേക്കേറി, ലോകം മുഴുവന്റെയും കാവൽ മാലാഖമാരാകുന്നു. ഇതിന് പ്രധാന കാരണം, വിദേശരാജ്യങ്ങളിൽ, പകുതി പ്രവർത്തി ദിനം ജോലി ചെയ്യുന്നതിനു ലഭിക്കുന്ന വേതനമാണ്, കേരളത്തിലവർക്ക് ഒരു മാസം ലഭിക്കുന്നത്. ഈ പ്രതിസന്ധി നാം പരിഹരിക്കേണ്ടതുണ്ട്: മാന്യമായ വേതനം അവരുടെ അവകാശമാണ്. നമ്മുടെ നഴ്സുമാരുടെ, മാനവവിഭവശേഷി

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

നാമങ്ങനെ പ്രയോജനപ്പെടുത്തേണ്ടത്?

ഒരു വികസ്വര രാഷ്ട്രമാണ് ഇന്ത്യ. ഒരു വികസിത രാജ്യത്തിലെന്നപോലെ, നമ്മുടെ രാജ്യവും ഒരു 'വൈജ്ഞാനിക സമൂഹമായി' സമ്പൂർണതലത്തിൽ പരിണമിക്കുവാൻ പരിശ്രമിക്കുകയാണ്. ഉയർന്ന ജീവിതനിലവാരമുള്ള കേരള സമൂഹം, ആ നേട്ടത്തിലേക്ക് നടന്ന് അടുക്കുകയാണ്. നമ്മുടെ ആരോഗ്യരംഗവും കൂടുതൽ കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. ബഹിഷ്കരണം, അതിലൂടെ എത്ര വലിയ സാമ്രാജ്യത്തെയും തെപറ്റിക്കാമെന്ന തെളിയിച്ച ഗാന്ധിജി, നിർമാണപ്രവർത്തനങ്ങൾക്കും രാജ്യത്ത് നേതൃത്വം നൽകി. അദ്ദേഹം, അവയിൽ 'ശുചിത്വം' എന്നാശയത്തിന്, അതിനോടു ചേർന്ന പ്രവർത്തനങ്ങൾക്ക് മുഖ്യ പ്രാധാന്യം നൽകി. നമ്മുടെ ആരോഗ്യമേഖല വികസനത്തിന്, അത്യന്താപേക്ഷിതമായി, ശുചിത്വത്തെ നാം മുറുകെ പിടിക്കണം.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

വ്യക്തിശുചിത്വത്തിൽ നാം വളരെ മുൻപന്തിയിൽത്തന്നെയാണ്. പരിസരശുചിത്വമോ? നമ്മുടെ ട്രെയിൻ യാത്രകൾ, ഈ ശുചിത്വം ഇല്ലായ്മ മൂലം വിരസമാക്കാറില്ലേ? നമ്മുടെ പൊതുശുചിമുറികളിൽ, മൂക്ക് പൊത്താതെ കയറാനാകുമോ? പൊതുസ്ഥലങ്ങളിൽ നാം മാലിന്യം വലിച്ചെറിയുക അല്ലേ? ഇതൊരു പരിഷ്കൃത സമൂഹത്തിന് ചേർന്നതാണോ?. ഉറവിടങ്ങളിൽ നിന്ന തന്നെ മാലിന്യം ശേഖരിക്കുന്ന, ഹരിതകർമ സേനയോടുള്ള നമ്മുടെ സഹകരണം സംസ്ഥാനത്തെ 90% മാലിന്യങ്ങളും സംസ്കരണ വിധേയമാക്കാൻ സഹായിക്കും. ശുചിത്വത്തെപ്പറ്റി പറഞ്ഞ ഗുരുദേവന്റെ വാക്കുകൾക്ക് പ്രസക്തി ഏറുകയാണ്.

ഇന്ത്യയുടെ ആരോഗ്യ വിപണിയുടെ 2023-ലെ മൂല്യം, 372 ബില്യൺ ഡോളർ ആണ്. വലിയ തോതിൽ ഈ വർഷം നിക്ഷേപം ഒഴുകിയെത്തുന്നും ഉണ്ട്.

ആരോഗ്യരംഗത്തെ, നവ സാങ്കേതികവിദ്യ-
കളുമായി, വലിയതോതിൽ സമന്വയിപ്പിച്ച-
തിന്റെ ഫലമാണിത്. ഈ സാഹചര്യം,
നമ്മുടെ നാട് ഉപയോഗപ്പെടുത്തണം.
നമ്മുടെ ആശുപത്രികളെ സാങ്കേതിക
വൽക്കരിക്കേണ്ടതുണ്ട്. ലോകം അതിനു
വേണ്ടി ഉപയോഗപ്പെടുത്തുന്ന പ്രമുഖ
സംവിധാനമാണ് ഐ. ബി. എം വാട്സൺ.
ഇതുവഴി, വളരെ വലുതും സങ്കീർണവും
ആയ ഒരു വിവരശേഖരത്തിനെ കൃത്യമായി
അപഗ്രഥിച്ച്, നിഗമനങ്ങൾ രൂപീകരിക്കാൻ
നമുക്ക് സാധിക്കും. ഇപ്പോൾ, ഡോക്ടറുടെ
മുന്നിലിരിക്കുന്ന രോഗിയ്ക്ക് കുറച്ചു വർഷ-
ങ്ങൾ കഴിഞ്ഞ് ഏതെങ്കിലും മാരകമായ രോഗം
പിടിപെടുമോ എന്നു വരെ 90% കൃത്യതയോടെ
പ്രവചിക്കുവാൻ ഈ സംവിധാനങ്ങൾ നമ്മെ
സഹായിക്കും! ഒരു രാജ്യത്തെ പൗരത്വം
നേടി, തരംഗം സൃഷ്ടിച്ച സോഫിയ എന്ന
റോബോട്ട്, ഹ്യൂമനോയ്ഡ് റോബോട്ട്

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 643

Participant Code: 101

നരംഗം സൃഷ്ടിച്ചിരുന്നു. സമാനമായി, ഡോക്-ടർ കുപ്പായം, റോബോട്ടുകളണിഞ്ഞിതാണല്ലോ? റോബോട്ടിക്സിനെ, ആരോഗ്യമേഖലയുമായി ലോകം വളരെ വിദഗ്ദ്ധമായി സംയോജിപ്പിച്ചിട്ടുണ്ട്. കേരളവും അത്, മാതൃകയാക്കണം. ഹൃദയശസ്ത്രക്രിയ രംഗത്തും മറ്റുമായി നാനോറോബോട്ടുകൾ വലിയ സങ്കീർണതകളെ മറികടന്ന്, നിരവധി ജീവനുകൾ രക്ഷിക്കുന്നു. പ്രസവരക്ഷാരംഗത്ത്, ഇന്ത്യയിൽ ഡോക്ടർമാരുടെ എണ്ണം കുറയു-കയാണ്. ആ സാഹചര്യത്തിൽ, റോബോട്ടുകൾ പ്രസവമെടുക്കുന്ന കാലം വിദൂരമല്ല......

...................... ഭാവികേരളത്തിൽ, ആരോഗ്യ പ്രവർത്തകരുടെ സുരക്ഷയ്ക്ക് നാം വളരെ മുൻതൂക്കം നൽകേണ്ടതുണ്ട്. അവരുടെ, സുരക്ഷയും ഒപ്പം, ഉയർന്ന ജീവിതനിലവാരവും നാം ഉറപ്പുവരുത്തേണ്ടതുണ്ട്. 'വെർച്വൽ റിയാലിറ്റി' എന്ന സാങ്കേതികവിദ്യയും നാം ഗുണപരമായി ആരോഗ്യമേഖലയിൽ സമ-

വ്യാപിപ്പിക്കേണ്ടതുണ്ട്. ലോകത്ത്, എവിടെ ആയിരുന്നാലും, നാം ആഗ്രഹിക്കുന്ന വ്യക്തി-യുമായി നേരിട്ട് കൂടിക്കാഴ്ച നടത്തിയതായ ദൃശ്യാനുഭവം ലഭ്യമാകുന്ന 'വി. ആർ' സംവിധാനം കൃത്യമായി ഉപയോഗപ്പെടു-ത്തിയാൽ, ലോകം മുഴുവനും, ഒരേ ആരോഗ്യ ശൃംഖല തുടങ്ങുവാനും കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യം പെട്ടന്ന് സ്വായത്തം ആക്കുവാനും കഴിയും.

ആരോഗ്യവാന്മാരായുള്ള നമ്മുടെ ഈ യാത്രയിൽ, അതിനിന് ഏറ്റവും വെല്ലുവിളിയുയർത്തുന്നത് ഏതെങ്കിലും മാരക രോഗങ്ങളല്ല, വിനാശകരമായ ലഹരി ഉപ-യോഗം ആണ്. ഈ സ്ഥിതിഗതികൾ ഈ വിധം തുടർന്നാൽ, നമ്മുടെ യുവതയെ, രാജ്യത്തിന്റെ അമൂല്യമായ മാനവവിഭവത്തെ നമുക്ക് നഷ്ടമാകും. ലൈച്യോറിലെ, ഓക്സി-ടോസിൻ ഉൾപ്പെടെയുള്ളവയെ സ്വാധീനിച്ച് താൽക്കാലികാനന്ദം നൽകി യുവാക്കളെ

ഏതോ 'മായികാലോകത്ത്' തളച്ചിടുക ആണ് ലഹരി ചെയ്യുന്നത്. ഇത് വിവേകാനന്ദ കാലത്തെ 'ഭ്രാന്താലയത്തിലേക്കുള്ള' മടങ്ങിപ്പോക്കായി മാറാൻ പാടില്ല. കൃത്യമായ ബോധവൽക്കരണത്തിലൂടെ, നമുക്കവരെ വർണ്ണപ്പകിട്ടിന്റെ സർഗാത്മ ലോകത്തേക്ക് മടക്കി കൊണ്ടുവരാം. അതിനൊരുമിച്ച് പോരാടുവാൻ നാം തയാർ!.........

......... എല്ലാ രോഗങ്ങളെയും തുടച്ചുനീക്കാനായില്ലെങ്കിലും, പൂർണാരോഗ്യമുള്ള ഒരു ജനതയെ നാം വാർത്തെടുക്കണം. അങ്ങനെ, നമ്മുടെ നാട് രോഗരഹിതമാവും, തീർച്ച. മാറ്റം നമ്മിൽ നിന്ന തന്നെ തുടങ്ങട്ടെ. കൃത്യമായ ആരോഗ്യ ശീലങ്ങളുള്ള, വ്യക്തി-പരിസര ശുചിത്വമുള്ള നല്ല വ്യക്തിത്വങ്ങളായി നാം രൂപപ്പെടണം. രോഗം കൊണ്ട് കിതയ്ക്കാനല്ല. ഈ ജീവിതം, നമ്മുടെ, ഊർജ്ജസ്വലതയുടെ, സുഗന്ധം പരത്താൻ വേണ്ടിയുള്ളതാണ്.........